**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2249** **20-01-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | അരിയും പലവ്യഞ്ജനവും എത്തിച്ച വകയിൽ സപ്ലൈകോ, വിവിധ ഏജൻസികൾക്ക് നിലവിൽ എന്ത് തുക നൽകുവാനുണ്ട്; വിശദമാക്കുമോ; | (എ) | പർച്ചേസ് ഓർഡർ നൽകി അരിയും പലവ്യഞ്ജനവും വിതരണം ചെയ്ത വകയിൽ നിലവിൽ ഏകദേശം 69 കോടി രൂപ വിതരണക്കാർക്ക് നൽകാനുണ്ട്. ഭക്ഷ്യ കിറ്റിലേക്കു വേണ്ടി വെളിച്ചെണ്ണ, ഉപ്പ്, ഉലുവ, സാമ്പാർ പൊടി, മഞ്ഞൾപൊടി, മല്ലിപൊടി, മുളക്പൊടി എന്നിവ വിവിധ ഏജൻസികളിൽ നിന്നും വാങ്ങിയതിന്റെ സമർപ്പിക്കപ്പെട്ട ബില്ലുകൾ പ്രകാരം 30,93,50,000 രൂപ (മുപ്പത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) നൽകാനുണ്ട്. |
| (ബി) | സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ; | (ബി) | സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. |
| (സി) | 2020 ജനുവരി മുതൽ ഏപ്രിൽ വരെ ഉള്ള കാലയളവിൽ കൂടി ഭക്ഷ്യക്കിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്ത് ചെലവ് വരും; | (സി) | 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള നാല് മാസങ്ങളിൽ കൂടി സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾ ഉൾപ്പെടുത്തി 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ കൂടി സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം തുടരുന്ന പക്ഷം, പ്രതിമാസം 338.00 കോടി രൂപ എന്ന കണക്കിൽ നാല് മാസങ്ങളിലേയ്ക്ക് ആകെ 1352.00 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കിറ്റിലെ ഇനങ്ങളുടെ വിലയും കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിക്കുന്നതിന് വേണ്ടിവരുന്ന അനുബന്ധ ചെലവുകളും ഉൾപ്പെടെ പ്രതീക്ഷിക്കുന്ന തുകയാണ്. |
| (ഡി) | സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് സഹകരണ ബാങ്കുകളിൽ നിന്നും ക്ഷേമനിധി ബോർഡുകളിൽ നിന്നും പണം ട്രഷറിയിലേക്ക് നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിരുന്നോ; | (ഡി) | അറിവിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| | എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എന്ത് തുക ട്രഷറിയിൽ എത്തി എന്ന് അറിയാമോ? | | |

സെക്ഷൻ ഓഫീസർ